കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകളുടെ പ്രവർത്തനവും അറ്റകുറ്റപ്പണികളും

136 [1713] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പേ വാർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പേ വാർഡുകളുടെ നടത്തിപ്പുമൂലം കഴിഞ്ഞ മൂന്നു വർഷത്തെ സൊസൈറ്റിയുടെ ലാഭനഷ്ടം സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും നിലവിലുള്ള സംവിധാനവും ഘടനയും എപ്രകാരമാണ് എന്ന് വിശദമാക്കുമോ;

(ഡി) പേ വാർഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും പ്രവർത്തനം ജനോപകാരപ്രദവും കാര്യക്ഷമവുമാക്കാനും ആവശ്യമായ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) 1997-1998-നു ശേഷമുള്ള ആഡിറ്റ് കണക്ക് കിട്ടിയിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു.

(സി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ ദൈനംദിന നടത്തിപ്പ് അതാത് ആശുപത്രി സൂപ്രണ്ടുമാരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. പേ വാർഡുകളിൽ ക്ലീനർമാരേയും പേ വാർഡ് കീപ്പർമാരെയും കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആണ് നൽകുന്നത്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. റീജിയണൽ എഞ്ചിനീയർമാരിലൂടെയാണ് അറ്റകുറ്റപ്പണികളും പേ വാർഡുകളുടെ നടത്തിപ്പും നിർവ്വഹിക്കുന്നത്.

(ഡി) സാമ്പത്തിക പരിമിതി ഉണ്ടെങ്കിലും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly